# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിൻ്റെ പേര് : എസ്.എൻ.എം.എൽ.പി.സ്കൂൾ മാല്യങ്കര

2. വിലാസം :മാല്യങ്കര. പി.ഒ, പിൻ: 683516

3. ഫോൺ:04842929520

4. സ്ക്കൂൾ കോഡ് 25833

5. വിദ്യാഭ്യാസ ഉപജില്ല: നോർത്ത് പറവൂർ

6. വിദ്യാഭ്യാസ ജില്ല:ആലുവ

7. റവന്യൂ ജില്ല :എറണാകുളം

8. ബി ആർ സി :പറവൂർ

9 സി അർ സി : തിരുത്തിപ്പുറം

10. ഗ്രാമപഞ്ചായത്ത്: വടക്കേക്കര

11. ബ്ലോക്ക് പഞ്ചായത്ത്: പറവൂർ

12. ജില്ലാ പഞ്ചായത്ത്: എറണാകുളം

13. നിയമസഭാ മണ്ഡലം: പറവൂർ

14. ലോകസഭാ മണ്ഡലം: എറണാകുളം

15. താലൂക്ക്: പറവൂർ

16. വില്ലേജ്: മൂത്തകുന്നം

17. ഈമെയിൽ :snmlpschool@yahoo.in

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

വിദ്യാലയ വികസനമെന്നത് ഒന്നോ രണ്ടോ ഘടകങ്ങളെ ആശ്രയിച്ച നിലകൊള്ളുന്ന ഒന്നല്ല അത്. ഭൗതിക സാഹചര്യങ്ങൾ, ക്ലാസ്മുറി, മറ്റു സഹായ ഘടകങ്ങൾ, സമൂഹം, രക്ഷകർത്താക്കൾ തുടങ്ങി വ്യത്യസ്ത ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. വിദ്യാലയത്തിൻ്റെ ഭൗതികവും, അക്കാദമികവും, സാമൂഹികവിമായ ഘടകങ്ങളെ വിലയിരുത്തിക്കൊണ്ട് പൂർത്തിയാക്കേണ്ട ഒരു പദ്ധതിയാണിത്. ഇതിലൂടെ നമ്മുടെ വിദ്യാലയത്തെ അടുത്ത രണ്ടുമൂന്ന് വർഷങ്ങൾ കൊണ്ട് നല്ല രീതിയിൽ ഉയർത്തികൊണ്ടു വരുവാൻ നമുക്ക് സാധിക്കും.

# വിദ്യാലയ ചരിത്രം

എറണാകുളം ജില്ലയുടെ വടക്കുപടിഞ്ഞാറെ അതിർത്തിയിലുള്ള വടക്കേക്കര ഗ്രാമപഞ്ചായത്തിൽ മാല്യങ്കര പ്രദേശത്തായി ഈ സ്ഥാപനം 1964 ജൂൺ ഒന്നിന് പ്രവർത്തനം ആരംഭിച്ചു. തീരെ വിദ്യാഭ്യാസ സൗകര്യമില്ലാതിരുന്ന കാലത്ത് മത്സ്യ തൊഴിലാളികളും, കയർ തൊഴിലാളികളും സാധാരണ കൂലിപ്പണിക്കാരും കൂട്ടതലായി താമസിച്ചിരുന്ന വാഹന സൗകര്യം തീരെയില്ലാതിരുന്ന പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തിന്റെ പുരോഗതിക്ക് ഈ സ്ഥാപനവും ഒരു ഘടകമായി തീർന്നിട്ടുണ്ട്. ഈ വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയവരിൽ പലരും ഇന്ന് സമൂഹത്തിൻ്റെ ഉന്നതങ്ങളിൽ എത്തി നിൽക്കുന്നു.

വിദ്യാലയത്തിന്റെ മാനേജ്മെൻ്റായ എച്ച്.എം.ഡി.പി സഭയുടെ കീഴിലുള്ള ആർട്സ് കോളേജ്, എഞ്ചിനീയറിംഗ് കോളേജ് എന്നിവയുടെ സമീപത്തായി ഈ കൊച്ചു വിദ്യാലയം സ്ഥിതി ചെയ്യുന്നു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ ബഹുമാനപ്പെട്ട മാനേജ്മെന്റ് ശ്രദ്ധിച്ചുപോരുന്നു

### നിലവിലെ അവസ്ഥാവിശകലനം

പ്രധാന അദ്ധ്യാപിക ഉൾപ്പെടെ 4 അദ്ധ്യാപകർ ഇവിടെ അദ്ധ്യായനം നടത്തുന്നു 3 അധ്യാപകർ ദിവസ വേതന അടിസ്ഥാനത്തിൽ സേവനംഅനുഷ്ഠിക്കുന്നവർ ആണ്. എൽ.കെ.ജി, യു.കെ.ജിയിൽ രണ്ട് അദ്ധ്യാപികമാരും ഒരു ആയയും ഉണ്ട്. എൽ.കെ.ജി, യു.കെ.ജി ഉൾപ്പെടെ 32 കുട്ടികൾ ഈ വർഷം ഇവിടെ പഠനം നടത്തുന്നു. വിദ്യാലയത്തിൽ മൂന്ന് കെട്ടിടങ്ങളാണുള്ളത്. ഒരു കെട്ടിടത്തിൽ ക്ലാസ്സ് മുറികൾ പ്രവർത്തിക്കുന്നു. ഒരു കെട്ടിടത്തിൽ പ്രീപ്രൈമറി വിഭാഗവും പ്രവർത്തിക്കുന്നു. മറ്റൊരു കെട്ടിടം ഊട്ടുപുരയായി ഉപയോഗിക്കുന്നു. ബഹുമാനപ്പെട്ട മാനേജ്മെൻ്റ് ഈ മൂന്ന് കെട്ടിടവും ടൈൽ വിരിച്ചു ഭംഗിയാക്കിയിട്ടുണ്ട്.

### പരിമിതികൾ

സ്കൂൾ കെട്ടിടം കുറെയൊക്കെ ആകർഷകമാക്കിയിട്ടുണ്ട്. എങ്കിലും എല്ലാ ക്ലാസ്സ് മുറികളും ഭിത്തി കെട്ടി തിരിച്ചുറപ്പുണ്ടാക്കേണ്ടതാണ്. സ്കൂൾ അന്തരീക്ഷം ഭംഗിയാക്കുന്നതിനുവേണ്ടി മനോഹരമായ പൂന്തോട്ടവും, ജൈവവൈവിധ്യ പാർക്കും. പച്ചക്കറിത്തോട്ടവും നിർമ്മിക്കേണ്ടതായിട്ടുണ്ട്. കുട്ടികൾക്ക് കളിക്കുന്നതിന് ഊഞ്ഞാൽ, സീമസാ തുടങ്ങിയ കളിയുപകരണങ്ങൾ ഉണ്ട്. കുറച്ചു കൂടി കളി ഉപകരണങ്ങൾ ആവശ്യമാണ്

# എസ്.എൻ.എം.എൽ.പി സ്ക്കൂൾ

## മാല്യങ്കര



# അക്കാദമിക് മാസ്റ്റർപ്ലാൻ

.അക്കാദമികം.ഭൗതികം.സാമൂഹികം..

# ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. വിദ്യാലയത്തിൻ്റെ ലഘു ചരിത്രം
4. നിലവിലെ അടിസ്ഥാന വിശകലനം ,ലക്ഷ്യങ്ങൾ
5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ  ഒറ്റനോട്ടത്തിൽ
6. പദ്ധതി വിശദാംശങ്ങൾ
7. പ്രതീക്ഷിത നേട്ടങ്ങൾ
8. ഉപസംഹാരം

## അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : എസ്.എൻ.എം.എൽ.പി.സ്കൂൾ മാല്യങ്കര
2. വിലാസം : മാല്യങ്കര. പി.ഒ, പിൻ: 683516
3. ഫോൺ : 0484- 2286308
4. സ്കൂൾ കോഡ് : 25833
5. വിദ്യാഭ്യാസ ഉപജില്ല : നോർത്ത് പറവൂർ
6. വിദ്യാഭ്യാസ ജില്ല : ആലുവ
7. റവന്യൂ ജില്ല : എറണാകുളം
8. ബി.ആർസി : പറവൂർ
9. സി.ആർ.സി : തിരുത്തിപ്പുറം
10. ഗ്രാമപഞ്ചായത്ത് : വടക്കേക്കര
11. ബ്ലോക്ക് പഞ്ചായത്ത് : പറവൂർ
12. ജില്ലാ പഞ്ചായത്ത് : എറണാകുളം
13. നിയമസഭാ മണ്ഡലം : പറവൂർ
14. ലോകസഭാ മണ്ഡലം : എറണാകുളം
15. താലൂക്ക് : പറവൂർ
16. വില്ലേജ് : മൂത്തകുന്നം
17. ഈമെയിൽ : snmlpschool@yahoo.in

- കുട്ടികൾക്ക് പരിപാടികൾ നടത്തുന്നതിനും, വെയിലും, മഴയും കൊള്ളാതെ അസംബ്ലി നടത്തുന്നതിനും ആവശ്യമായ സ്റ്റേജ് നിർമ്മിക്കണം.
- സ്കൂളിന് എല്ലാ വശത്തും ചുറ്റുമതിൽ ആവശ്യമാണ്.
- ആൺകുട്ടികൾക്ക് ആവശ്യമായ യൂറിനൽ ആവശ്യമാണ്.
- കുട്ടികളുടെ I.C.T പഠനത്തിനു സഹായിക്കുന്ന കമ്പ്യൂട്ടർ, ലാപ്ടോപ്പ് തുടങ്ങിയവ ഇനിയും വേണം.
- ലൈബ്രറി പുസ്തകങ്ങൾ അടുക്കി വെയ്ക്കുന്നതിന് അലമാരകൾ ഓരോ ക്ലാസിലും വേണം.

**ലക്ഷ്യങ്ങൾ**

1. കുട്ടികളുടെ മാതൃഭാഷാ നിലവാരം മെച്ചപ്പെടുത്തുന്നു.
2. ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു.
3. പരിസരപഠനം ഫലപ്രദമായി ചെയ്യുന്നതിന് എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കുന്നു.
4. ആധുനിക സജ്ജീകരണങ്ങളോടെ ലാബ് തയ്യാറാക്കുന്നു.
5. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നു.
6. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
7. കുട്ടികളുടെ സർവ്വതോന്മുഖവും, വികസനോന്മുഖവുമായ വികാസത്തിനുവേണ്ടി പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക.
8. നാട്ടിൽ ലഭ്യമായ വിദഗ്ദരെ (ചിത്രം വരയ്ക്കൽ, സംഗീതം, കായികം) കുട്ടികളുടെ ഗുണമേന്മ വിദ്യാഭ്യാസത്തിനു മുതൽ കൂട്ടാക്കുക.
9. രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കുക
10. എൽ.കെ.ജി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും, അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
11. കുട്ടികൾക്കും രക്ഷിതാക്കൾക്കും ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തണം.

<u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ</u>

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • ചുറ്റുമതിൽ | • പി.ടി.എ ശക്തിപ്പെടുത്തൽ |
| • ഗണിതശേഷി വികസനം | • കളിസ്ഥലം | • വിദ്യാലയ വികസന സമിതി |
| • ഇംഗ്ലീഷ് പഠനപരിപോഷണം | • ചിൽഡ്രൻസ് പാർക്ക് | • പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • വായന പരിപോഷണം | • ക്ലാസ് മുറികൾ | • വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| • ലബോറട്ടറി ആധുനികവത്ക്കരിക്കൽ | • ലൈബ്രറി | • പ്രാദേശിക പി.ടി.എ |
| • ലൈബ്രറി ശാക്തീകരണം | • കുടിവെള്ളവിതരണം | • ഭവനസന്ദർശനം |
| • ക്ലാസ് പി.ടി.എ സജീവമാക്കൽ | • മാലിന്യസംസ്ക്കരണം | • ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| • പഠനയാത്രകൾ | • ലബോറട്ടറി | |
| • കലാകായികമേള | • ജന്മദിനത്തിനൊരു പുസ്തകം | |
| • പച്ചക്കറിത്തോട്ടം | • ഗണിതോത്സവം | |
| • ദിനാചരണം | | |
| • കായികപഠനം | | |
| • അഭിമുഖങ്ങൾ | | |
| • പ്രവൃത്തി പരിചയ പഠനം | | |
| • പോഷകാഹാര പരിപാടി | | |
| • കായിക പഠനം | | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളുടെ മാതൃഭാഷാ നിലവാരം മെച്ചപ്പെടുത്തുന്നു. | • ഒന്നാം ക്ലാസിൽ കുഞ്ഞുവായനയ്ക്കും എഴുത്തിനും ആവശ്യമായ സാമഗ്രികൾ രൂപപ്പെടുത്തുന്നു. | ആഴ്ചയിൽ 2 ദിവസം | എസ്.ആർ.ജി എച്ച്.എം പി.ടി.എ സ്കൂൾതല കോ. ഓർഡിനേറ്റർ | |
| • സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുവാൻ അവസരം ഒരുക്കുന്നു. | • ഒരു യൂണിറ്റിലെ സർഗ്ഗാത്മക രചനാ സാദ്ധ്യതകൾ അതാത് ക്ലാസിലെ അദ്ധ്യാപകർ ലിസ്റ്റ് ചെയ്യുന്നു. രചനകൾ പതിപ്പാക്കുന്നു. പി.ടി.എ അംഗങ്ങൾക്ക് വായിക്കാൻ അവസരം നൽകുന്നു. മികവുകളും പോരായ്മകളും എസ്.ആർ.ജിയിൽ ചർച്ച. | ആഴ്ചയിൽ 1 ദിവസം | ക്ലാസ്സ് ടീച്ചർ | |
| • വായനാ സാമഗ്രികളുടെ ശേഖരണവും, നിർമ്മാണവും. | • രചനാ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ആഴ്ചയിൽ 1 ദിവസം | | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. സർഗ്ഗവേളകൾ വാസനകൾ കണ്ടെത്തൽ.<br>• ക്ലാസ്മുറിയിൽ രൂപപ്പെട്ട ആവിഷ്കാര രൂപങ്ങളുടെ അവതരണ വേദിയായി സർഗ്ഗവേളകളെ മാറ്റുന്നു | • രചനകളുടെ അവതരണം.<br>• പോരായ്മകൾ വിലയിരുത്തി ചർച്ച.<br>• സർഗ്ഗവേളയുടെ പൂർണ്ണ ചുമതല കുട്ടികൾക്ക് നൽകൽ. | ആഴ്ചയിൽ 1 ദിവസം | • പി.ടി.എ പ്രതിനിധികൾ<br>• ക്ലാസ് അദ്ധ്യാപകർ<br>• വിദ്യാരംഗം കൺവീനർ | |
| 3. വായന സാമഗ്രികൾ ഉറപ്പാക്കൽ<br>ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ ഭാഷാ പഠനത്തിന്റെ ഭാഗമായി വായിക്കേണ്ട പുസ്തകങ്ങൾ/ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ. | • ക്ലാസ് ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങൾ വാങ്ങൽ.<br>• വായനാ കാർഡ് തയ്യാറാക്കുക വായനാമൂല മെച്ചപ്പെടുത്തുന്നു.<br>• ബാലസാഹിത്യ മാസികകൾ വായനാമൂലയിൽ എത്തിക്കുന്നു | 1 വർഷം | ക്ലാസ്സ് അദ്ധ്യാപകർ<br>പി.ടി.എ<br>എച്ച്.എം | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. സർഗ്ഗചുവർ | • ഓഫീസിന്റെ മുൻവശത്തായി ചുവരിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം<br>• അഭിപ്രായങ്ങൾ എഴുതുന്നതിനും അവസരം (കുട്ടികൾക്കും രക്ഷിതാക്കൾക്കും) | എല്ലാ ദിവസവും | എസ്.ആർ.ജി<br>പി.ടി.എ | |
| 5. സ്കൂൾ ബ്ലോഗ് | • കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കാൻ സ്കൂളിന്റെ ബ്ലോഗിനെ ഉപയോഗപ്പെടുത്തൽ മികച്ച രചനകൾ, ചിത്രങ്ങൾ പ്രസിദ്ധീകരിക്കൽ) | മാസത്തിൽ 1 പ്രാവശ്യം | സ്കൂൾ ഐ.ടി ചുമതലക്കാരൻ | |

പ്രവർത്തനം :
മേഖല : **അക്കാദമികം**
ഉപമേഖല : **ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾകാലം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. സാഹിത്യകാരന്മാരെ സ്കൂളിലേക്ക് ക്ഷണിക്കൽ | • നമ്മുടെ പ്രദേശത്തെ എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിക്കുന്നു<br>• അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കുന്നു | വർഷത്തിൽ 2 പ്രാവശ്യം | എച്ച്. എം<br>പി.ടി.എ<br>എസ്.ആർ.ജി<br>കൺവീനർ | 500/- |
| 7. കഥയരങ്ങ് കവിയരങ്ങ് | • കഥയും കവിതയും എഴുതുന്ന കുട്ടികൾക്ക് സ്കൂളിൽ നടക്കുന്ന പൊതുചടങ്ങുകളിൽ നിശ്ചിത സമയം നൽകി രചനകൾ അവതരിപ്പിക്കുവാൻ അവസരം | ആവശ്യാനുസരണം | വിദ്യാരംഗം<br>കൺവീനർ<br>എച്ച്.എം | 500/- |

പ്രവർത്തനം :

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8 രചനകൾ പ്രസിദ്ധീകരിക്കൽ | • കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ<br>• ശില്പശാല, എഡിറ്റിംഗ്<br>• ചിത്രകലയിൽ താല്പര്യമുള്ളവർക്ക് വരയ്ക്കാൻ അവസരം<br>• പഞ്ചായത്ത് മെമ്പറുടെ സഹകരണത്തോടെ പുസ്തക പ്രകാശനം നടത്തുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ<br>എച്ച്.എം<br>എസ്.ആർ.ജി | 500/- |
| 9 വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | • ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ.<br>• വർഗ്ഗീകരിച്ച് ക്രമീകരിക്കൽ.<br>• കാറ്റലോഗ് വിതരണ രജിസ്റ്റർ ശാസ്ത്രീയമാക്കൽ. | വർഷത്തിൽ രണ്ടുപ്രാവശ്യം | എച്ച്.എം<br>പി.ടി.എ | 2000/-<br>സ്പോൺസർ ഷിപ്പ്. |

**പ്രവർത്തനം** :
**മേഖല** : അക്കാദമികം
**ഉപമേഖല** : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ<br><br>• വായനാസാമഗ്രി- കളുടെ നിർമ്മാണം | • പ്രവർത്തനങ്ങൾ കഥയരങ്ങ്, കവിയരങ്ങ് രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ.<br><br>• രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ.<br><br>• ക്ലാസ്സ് മുറിയിലെ പഠന സാമഗ്രിയായി മേൽപ്പറഞ്ഞ ഉല്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 1000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സുഗമമായ ഗണിതശാസ്ത്ര പഠനം | • സാമഗ്രികളും പഠനാന്തരീക്ഷവും ഒരുക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br>• കുട്ടികൾ തയ്യാറാക്കിയ<br>• പഠനോപകരണങ്ങൾ<br>• ചാർട്ടുകൾ<br>• ഗണിത ചിത്രങ്ങൾ<br>• പ്രകൃതിയിലെ ഗണിതം | ആവശ്യാനു-സരണം | അദ്ധ്യാപിക | 500/- |
| • ഗണിത പഠനത്തിൽ രക്ഷിതാക്കളുടെ സഹായം | രക്ഷിതാക്കൾ ചെയ്യേണ്ടവ<br>• ഗണിതോപകരണങ്ങൾ നിർമ്മിക്കുന്നതിന് കുട്ടികളെ സഹായിക്കുക<br>• ക്ലാസിൽ പഠിച്ച ഗണിതവുമായി ബന്ധപ്പെട്ട പ്രായോഗിക കാര്യങ്ങൾ വീട്ടിൽ ചെയ്യിക്കുക<br>• പാറ്റേൺ നിർമ്മാണത്തിൽ കുട്ടികളുമായി ഒത്തു പ്രവർത്തിക്കുക | | പി.ടി.എ | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • 10ന്റെയും 1ന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിക്കൽ. | • വസ്തുക്കളെ പത്തുകളും ഒന്നുകളുമായി പ്രദർശിപ്പിക്കുന്നു.<br>• പത്തുകളും ഒന്നുകളും വരുന്ന പ്രകൃതി ദൃശ്യം വരയ്ക്കുന്നു. | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |
| • മൂന്നക്ക സംഖ്യയുടെ വ്യാഖ്യാനം | • മൂന്നക്ക സംഖ്യയെ ഒന്നുകളും, പത്തുകളും, നൂറുകളുമായി എഴുതാനും, പറയാനുമുള്ള പ്രവർത്തനം<br>• വലുത്, ചെറുത്, ആരോഹണം, അവരോഹണം, പാറ്റേൺ, സങ്കലനം, വ്യവകലനം. | യൂണിറ്റനുസരിച്ച് | ക്ലാസ്സ് ടീച്ചർ | |
| • പ്രൈമറി ഗണിത സങ്കല്പനങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നു. | • പ്രൈമറി ക്ലാസ്സിൽ ഗണിതപഠനം പ്രോത്സാഹിപ്പിക്കുന്നതിനായി പഠനം | | | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ചുറ്റുപാടുമുള്ള വസ്തുക്കൾ ഗണിതവുമായി ബന്ധപ്പെടുത്തുന്നു. | • എണ്ണുന്നതിന് പരമാവധി വസ്തുക്കൾ പ്രയോജനപ്പെടുത്തുന്നു. സംഖ്യകൾക്കനുസരിച്ച് വ്യത്യസ്ത പാറ്റേണുകളിൽ മച്ചിങ്ങ, ഈർക്കിൽ എന്നിവ ക്രമീകരിക്കുന്നു. | പ്രതിദിനം | ക്ലാസ്സ് ടീച്ചർ | |
| • സംഖ്യകൾ എണ്ണൽ, സങ്കലനം, വ്യവകലനം, ആരോഹണം, അവരോഹണം, തുടങ്ങിയ ഗണിതാശയങ്ങൾ ഉറപ്പിക്കൽ | • ഗണിതപ്പാട്ടുകൾ പ്രയോജനപ്പെടുത്തുന്നു. (പാട്ടിന്റെ ദൃശ്യാവിഷ്കാരം) ബാലസഭ, പി.ടി.എ എന്നിവയിൽ പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കളിയിലൂടെ ഗണിതപഠനം | • എണ്ണൽ സംഖ്യാബോധം, ഊഹിക്കലും പൊരുത്തപ്പെടലും, കൂടുതൽ, കുറവ്, സങ്കലനം, വ്യവകലനം തുടങ്ങിയവയ്ക്ക് ഗണിതകേളികൾ ഉപയോഗിക്കുന്നു.<br>• വർക്ക്ഷീറ്റ് ഉപയോഗിക്കുന്നു. | യൂണിറ്റനുസരിച്ച് | ക്ലാസ്സ് ടീച്ചർ | |
| • പഠനോപകരണങ്ങൾ ഉണ്ടാക്കൽ | • ഓരോ യൂണിറ്റിന്റെയും ഭാഗമായി പഠനോപകരണങ്ങൾ രക്ഷകർത്താക്കളുടെ സഹായത്തോടെ ആകർഷകമായ രീതിയിൽ ഉണ്ടാക്കുന്നു.<br>• പഠനോപകരണ ശില്പശാല.<br>• പി.ടി.എ, അദ്ധ്യാപകർ. | മാസത്തിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ<br>പി.ടി.എ | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സ്കൂൾ ലാബ് | • ആധുനിക സജ്ജീകരണങ്ങളോടെ ലാബ് തയ്യാറാക്കുന്നു. | 1 വർഷം | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ | 3000/- |
| • അലമാര | • ശാസ്ത്രമേള ക്രമീകരിക്കാൻ ആവശ്യമായ സംവിധാനം. അലുമിനിയം ഫേബ്രിക്കേഷൻ ഉപയോഗിച്ച് അലമാര. | | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ | |
| • പുസ്തകങ്ങൾ | • ശാസ്ത്ര പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിലുള്ളത് വാങ്ങൽ. | | ക്ലാസ്സ് അദ്ധ്യാപകർ<br>എച്ച്.എം<br>പി.ടി.എ | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ | • ഒന്നു മുതൽ നാലുവരെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | |
| | • തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ. | | അദ്ധ്യാപകർ എസ്.ആർ.ജി | |
| | • പി.ടി.എ യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം, സാമഗ്രികളുടെ ശേഖരണം. | | പി.ടി.എ എച്ച്.എം | |

**പ്രവർത്തനം** :
**മേഖല** : അക്കാദമികം
**ഉപമേഖല** : ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ജൈവ വൈവിധ്യ ഉദ്യാനം | • ജൈവ വൈവിധ്യ ഉദ്യാനത്തിൽ ചെറുതും വലുതുമായ ഇലകൾ ഉള്ള ചെടികൾ, അടുക്കളത്തോട്ടം, കിളികൾക്ക് ചിരട്ടകളിൽ വെള്ളം എന്നിവ ഉൾപ്പെടുത്തും<br><br>• കുട്ടികൾക്ക് പരിസര നിരീക്ഷണത്തിനുള്ള പരമാവധി അവസരം ഒരുക്കുന്നു. | 1. വർഷം | പി.ടി.എ<br>അദ്ധ്യാപകർ<br>എച്ച്.എം | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • നിരീക്ഷണം | • വിവിധ വസ്തുകളെ നിരീക്ഷിക്കാനുള്ള അവസരം ഒരുക്കും<br><br>• സസ്യങ്ങൾ<br>• ശലഭങ്ങൾ<br>• ജന്തുക്കൾ<br>• കൃഷിസ്ഥലം<br><br><u>നിരീക്ഷണ ഡയറി</u><br>• പ്രകൃതി പഠനം, എല്ലാ കുട്ടികൾക്കും ഡയറി. അതിൽ നിരീക്ഷണക്കുറിപ്പ്.<br><br>• ഓരോ മാസവും പ്രത്യേക ഊന്നൽ മേഖല ശേഖരിച്ച വിവരങ്ങളുടെ വിശകലനവും നിഗമനവും ക്ലാസിൽ നടത്തുന്നു. | ജൂൺ | എച്ച്.എം<br><br>പി.ടി.എ<br><br>ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :**

**മേഖല** : അക്കാദമികം

**ഉപമേഖല** : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | 1. പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | 500/- പി.ടി.എ |
| | 2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ. | | എച്ച്.എം<br>ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി | |
| • സംസാരിക്കാനുള്ള കഴിവ് നേടുന്നു | 3. ഇംഗ്ലീഷിലുള്ള അസംബ്ലി. ടീച്ചർ നിത്യവും അസംബ്ലിയിൽ ഇംഗ്ലീഷിൽ ഊഴമനുസരിച്ച് പാഠവായന നൽകുന്ന പ്രമേയത്തെ അടിസ്ഥാനമാക്കി ഇംഗ്ലീഷിൽ സ്വതന്ത്രമായ ഭാഷാകേളികൾ അതിനായി സ്വന്തം പുസ്തകം | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം :

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഫലപ്രദമായി എഴുതുന്നു. | • ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ് എല്ലാ ദിവസവും എഴുതുവാൻ വേണ്ട പരിശീലനം നൽകുന്നു. | എല്ലാ ദിവസവും | ക്ലാസ്സ് അധ്യാപകൻ | 1000/- പി.ടി.എ |
| | • പതിപ്പുകൾ, മാഗസിനുകൾ എന്നിവ ക്ലാസ്സ് അടിസ്ഥാനത്തിൽ ഉണ്ടാക്കി പ്രദർശിപ്പിക്കുന്നു. | | ക്ലാസ്സ് അധ്യാപകൻ എസ്.ആർ.ജി | |
| • വായനയ്ക്ക് പ്രാധാന്യം നൽകുന്നു. | • ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി, അക്ഷര കാർഡുകൾ, വായനാ സാമഗ്രികൾ, ലഘുവായനാ പുസ്തകം, പത്രം (ഹിന്ദു) എന്നിവ വായിപ്പിക്കുന്നു. | | ക്ലാസ്സ് അധ്യാപകൻ എസ്.ആർ.ജി പി.ടി.എ | |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും, വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ക്ലാസ്സ് ടീച്ചർ | 1000/- പി.ടി.എ |

പ്രവർത്തനം : പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ ഉപമേഖല : സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example :- .<br>June :.- Mansoon<br>August :- Freedom<br>September :- Onam | പ്രതിമാസ പരിപാടി | എച്ച്.എം<br>ക്ലാസ്സ് ടീച്ചർ | പി.ടി.എ |

**പ്രവർത്തനം** :
**മേഖല** : അക്കാദമികം
**ഉപമേഖല** : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം<br>പി.ടി.എ | സ്പോൺസർ ഷിപ് 1000- |

പ്രവർത്തനം : പേര് : ദിനാചരണങ്ങൾ ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | 1000/- |

പ്രവർത്തനം :
മേഖല : അക്കാദമികം
ഉപമേഖല : പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | 5000/- കൃഷിവകുപ്പ് |

പ്രവർത്തനം : പേര് : ജൈവ വൈവിധ്യ പാർക്ക് മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി | 25000/- (എസ്.എസ്.എ) |

**പ്രവർത്തനം** :
**മേഖല** : ചിത്രരചനാകളരി
**ഉപമേഖല** : അക്കാദമികം/കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്ര രചനയിൽ പ്രാവിണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം നൽകുന്നു | മദ്ധ്യവേനൽ അവധിക്കാലം (5 ദിവസം) | എസ്.ആർ.ജി | |

പ്രവർത്തനം : പേര് : കായിക പരിശീലനം ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നു | ആഴ്ചയിൽ 3 ദിവസം | പി.ടി.എ<br>ക്ലാസ്സ് അദ്ധ്യാപകൻ | സ്പോൺസർ ഷിപ്പ് 1000/- |

**പ്രവർത്തനം** : മയക്കുമരുന്ന്, മദ്യപാനം എന്നിവയ്ക്കെതിരെ ബോധവത്ക്കരണം

**മേഖല** : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുകവലി, മദ്യപാനം, മയക്കുമരുന്നുകൾ എന്നിവ കൊണ്ടുള്ള ദോഷങ്ങളെപ്പറ്റി ബോധവത്ക്കരണം | • മദ്യപാനം, പുകവലി, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>• സമീപ പ്രദേശത്തെ ഡോക്ടർമാരുടെ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• വാർഡ് മെമ്പർ, സാമൂഹ്യ പ്രവർത്തകർ, സന്നദ്ധസംഘടനകൾ എന്നിവരുടെ സഹകരണത്തോടെ മയക്കുമരുന്ന് കഴിച്ചാൽ ഉണ്ടാകുന്ന ദോഷവശങ്ങളെപ്പറ്റി കുട്ടികളെ ബോധവാന്മാരാക്കുന്നു.<br>• സ്കൂൾ അസംബ്ലിയിൽ മദ്യപാനം, മയക്കുമരുന്ന്, പുകവലി എന്നിവയ്ക്കെതിരെ ബോധവത്ക്കരണ പ്രതിജ്ഞ | ഒരു വർഷം | പി.ടി.എ<br>എച്ച്.എം<br>അദ്ധ്യാപകർ | 1000/- |

**പ്രവർത്തനം :**

**മേഖല :** അക്കാദമികം

**ഉപമേഖല :** ക്ലാസ്സ് പി.ടി.എ സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ പഠന പുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം പൊതു ചർച്ച | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : പേര് : പോഷകാഹാര പരിപാടി മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | എച്ച്.എം പി.ടി.എ | 5000/- സി.എസ്.ആർ ഫണ്ട് |

പ്രവർത്തനം :

മേഖല : സ്കൂളും പരിസരവും ആകർഷകമാക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ചുറ്റുമതിൽ<br>സുരക്ഷിതമായി സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത് ഇടങ്ങളിൽ മതിൽ നിർമ്മിക്കുക<br>മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക | 1 വർഷം | മാനേജ്മെന്റ് | 50000/- |
| 2. കിഡ്സ് പാർക്ക് ട്രെസ്സ് വർക്ക് | പ്രധാന കെട്ടിടത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കുക | 2 മാസം | മാനേജ്മെന്റ് | 75000/- |
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | മഴക്കാലത്തും, വേനൽക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുന്നതിനും കുട്ടികൾക്ക് കളിക്കുന്നതിനും മുറ്റം ഉയരം കൂട്ടി ടൈൽ വർക്ക് ചെയ്ത് ട്രസ്സ് വർക്കും ചെയ്യുക | 2 മാസം | മാനേജ്മെന്റ് | 100000/- |

പ്രവർത്തനം :

മേഖല : സ്കൂളും പരിസരവും ആകർഷകമാക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. കവാടം, പടിപ്പുര സ്കൂൾ ആകർഷകമാക്കൽ | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം പടിപ്പുര എന്നിവ സജ്ജമാക്കുക | 6 മാസം | പി.ടി.എ മാനേജ്മെന്റ് | 50000/- |
| 4. സ്കൂൾ പരിസരം ഹരിതാഭമാക്കൽ | തരിശു കിടക്കുന്ന സ്കൂൾ വളപ്പിൽ പി.ടി.എ യുടെ സഹകരണത്തോടെ പരമാവധി മരങ്ങൾ വച്ചു പിടിപ്പിക്കൽ | 1 വർഷം | പി.ടി.എ എസ്.ആർ.ജി | 2000/- |
| 5 ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കുക | | പി.ടി.എ | |

**പ്രവർത്തനം :**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി | |
| | പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | | സ്റ്റാഫ് കൗൺസിൽ | |
| 2. അങ്കണവാടി കലോത്സവം<br>നവാഗതരാകേണ്ട വർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ | |
| 3. പ്രാദേശിക പി.ടി.എ | വിദ്യാലയത്തിന്റെ പരിസരത്ത് സൗകര്യപ്രദമായ സ്ഥലത്ത് പി.ടി.എ യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി<br>എസ്.ആർ.ജി | |
| 4. പുസ്തക സമാഹരണം | സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | | എസ്.ആർ.ജി<br>പി.ടി.എ | |

പ്രവർത്തനം :

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് രക്ഷിതാക്കളെ അറിയിക്കൽ. | ഒരുപ്രാവശ്യം | എസ്.ആർ.ജി<br>പി.ടി.എ | |
| 6. കാരണവക്കൂട്ടം. മുതിർന്ന തലമുറയെ ബഹുമാനിക്കുക | വിദ്യാലയപരിസരത്ത് താമസിക്കുന്ന 80 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. അവരുമായി കുട്ടികൾ ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. വയോജനദിനം ആഘോഷിക്കുന്നു. | ഒരുപ്രാവശ്യം | പി.ടി.എ<br>എസ്.ആർ.ജി | |

## പ്രതീക്ഷിത നേട്ടങ്ങൾ

1. ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

2. "സ്ക്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.

3. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.

## ഉപസംഹാരം

നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ ഗ്രാമപ്രദേശത്തെ ഈ കൊച്ചുവിദ്യാലയം അക്കാദമികവും, സാമൂഹികവും ഭൗതികവുമായ മികവിന്റെ കേന്ദ്രമായി മാറ്റുവാൻ ഈ വികസനരേഖ ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.